ഉത്തരം

(എ) കേന്ദ്രസർക്കാർ ഫ്രാൻസുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ധാരണയിലെത്തിയിട്ടുണ്ട്. അതിന്റെ പൈലറ്റ് പ്രോജക്ടാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. കെ.എൽ.ഡി. ബോർഡ് ഫ്രാൻസിലെ മൊബിലിയാർഡ് പശുക്കളെ വളർത്തുന്ന കർഷകരുടെ സഹകരണ സംഘമായ കോപ്പെക്സുമായി ധാരണയിലെത്തിയിട്ടുണ്ട്.

(ബി) കെ.എൽ.ഡി. ബോർഡ് ഫ്രാൻസിലെ മൊബിലിയാർഡ് പശുക്കളെ വളർത്തുന്ന കർഷകരുടെ സഹകരണ സംഘമായ കോപ്പെക്സുമായി ധാരണയിലെത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഫ്രഞ്ച് ജനുസ്സായ മൊബിലിയാർഡ് ഇനത്തിന്റെ ഗാഢശീതീകരിച്ച 2000 ബീജമാത്രകളും 50 ഭ്രൂണവും സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്യുന്നതാണ്. കൂടാതെ പ്രോജനി ടെസ്റ്റിംഗ്, എംബ്രിയോ ട്രാൻസ്ഫർ, ന്യൂട്രീഷ്യൻ, ജീനോം സെലക്ഷൻ, എന്നിവയിൽ സാങ്കേതിക സഹകരണവും പരിശീലനവും, ഗവേഷണവും നടത്തുന്നതുമാണ്. മൊബിലിയാർഡ് ഇനം കേരളത്തിലെ പരിതസ്ഥിതിക്ക് അനുയോജ്യമാണോ എന്നതും ഗവേഷണ വിധേയമാക്കുന്നതാണ്. ഗവേഷണ ഫലത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർനടപടികൾ സ്വീകരിക്കുക.

(സി) പ്രോജനി ടെസ്റ്റിംഗ്, എംബ്രിയോ ട്രാൻസ്ഫർ, ജീനോം സെലക്ഷൻ എന്നിവയിൽ നടത്തുന്ന ഗവേഷണവും, വിദഗ്ദ്ധ പരിശീലനവും ഉപയോഗപ്പെടുത്തി കന്നുകാലികളുടെ വർഗ്ഗോദ്ധാരണം നടത്തി പാലുൽപ്പാദനം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ധാരണകളൊന്നും ഉണ്ടായിട്ടില്ല.

ക്ഷീരവികസനവകുപ്പ് മുഖേന ലഭ്യമാക്കുന്ന പദ്ധതികൾ

134 (148) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരവികസന വകുപ്പുവഴി നിലവിൽ ലഭ്യമാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) പദ്ധതി ആസൂത്രണത്തിലൂടെ ഇതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ചെലവായ തുക എത്ര ;

(സി) എത്ര ക്ഷീരകർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്ഷീരവികസനവകുപ്പ് മുഖേന സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി.)
2. തീറ്റപ്പുൽ കൃഷി വികസന പദ്ധതി.
3. കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി.
4. ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള സഹായം.
5. ഗ്രാമീണ വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ.
6. ക്ഷീരകർഷക ക്ഷേമനിധി പ്രവർത്തനങ്ങൾ.

(ബി) 10,820.56 ലക്ഷം രൂപ.

(സി&ഡി) സംസ്ഥാനത്ത് ആകെ 5,49,075 ക്ഷീരകർഷകർക്ക് പ്രയോജനം ലഭിച്ചതായി കണക്കാക്കുന്നു. ജില്ലതിരിച്ചുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

പൗൾട്രി ക്ലബ്ബുകൾവഴി കോഴി വിതരണം

135 (149) ശ്രീ. എൻ. അനിരുദ്ധൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര സ്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട് ; പ്രസ്തുത ക്ലബ്ബുകളിൽ അംഗങ്ങളായിട്ടുള്ള എത്ര കുട്ടികൾക്ക് സൗജന്യമായി കോഴികളെ വിതരണം ചെയ്തിട്ടുണ്ട് ;

(ബി) ഇത്തരം ക്ലബ്ബുകൾകൊണ്ട് എന്ത് പ്രയോജനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇത്തരം ക്ലബ്ബുകളുടെ പ്രവർത്തനം എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ; എങ്കിൽ ആയത് എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ 32 സ്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിലെ 32 സ്കൂളുകളിൽനിന്നുമുള്ള 3,525 കുട്ടികൾക്ക് 10,565 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തുകഴിഞ്ഞു.

(ബി) കുട്ടികളിൽ കോഴി വളർത്തൽ താല്പര്യം വർദ്ധിപ്പിച്ച് അവരിൽ സ്വാശ്രയശീലവും സമ്പാദ്യശീലവും വളർത്തി അർപ്പണബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതോടൊപ്പം കോഴി വളർത്തൽ രംഗത്തെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly